# വിതക്കാരന്റെ ഉപമ (മത്താ 13, 1-9)

ഡീ.പുത്തേട്ട് ഡേീ. താഴത്തുവീട്ടിൽ

വിതക്കാരന്റെ ഉപമ യഥാർത്ഥത്തിൽ നിലത്തിന്റെ ഉപമയാണ്. വിതക്കാരനെക്കുറിച്ചോ വിത്തിനെക്കുറിച്ചോ അല്ല, വിത്തു പതിക്കുന്ന നിലങ്ങളെക്കുറിച്ചാണ്. മറ്റുവാക്കുകളിൽ പറഞ്ഞാൽ വചന സ്വീകരണത്തെക്കുറിച്ചാണ് ഈ ഉപമ പറയുന്നത്. ഒരേ വിതക്കാരൻ ഒരേ വിധത്തിൽ ഒരേ വിത്തു വിതയ്ക്കുന്നു. പക്ഷേ, കുറേവിത്തുകൾ പാഴായി പോകുന്നു. അതിനു കാരണം അവ പതിച്ച നിലങ്ങൾ പാഴ്നിലങ്ങളായിരുന്നു എന്നതാണ്. സുവി ശേഷ പ്രഘോഷണയജ്ഞങ്ങൾ എന്തുകൊണ്ട് പൂർണ്ണമായ ഫലംകാണുന്നില്ല എന്ന സംശയത്തിന്റെ നിവാരണ മാണ് ഈ ഉപമ നമുക്കു നൽകുന്നത്. ദൈവം മനുഷ്യനെ സൃഷ്ടിച്ച നാൾമുതൽ ഇന്ന് ഈ സമയം വരെ ദൈവവചനത്തിന്റെ വിതയ്ക്കൽ നടന്നുകൊണ്ടിരിക്കുന്നു. ജനകോടികളുടെഹൃദയവയലുകളിൽ ദൈവവചനം ഫലം ചൂടിയിട്ടുണ്ട്, നിഷ്ഫലമായിട്ടുണ്ട്. ഫലം വിളഞ്ഞതിനും വിളയാത്തതിനും ഉത്തരവാദി നിലം മാത്രമാണ്. ചുരുക്കത്തിൽ പലപ്പോഴും ഞാനാകുന്ന നിലമാണ് പ്രശ്നക്കാരൻ. വിതയ്ക്കപ്പെട്ട വചനത്തിന്റെ പ്രശ്നമല്ല, കേൾക്കുന്ന എന്റെ പ്രശ്നമാണ്. അതുകൊണ്ട് തമ്പുരാൻ വിതയ്ക്കുന്ന വിത്ത് ഫലം നൽകുന്ന രീതിയിൽ നമ്മുടെ ഹൃദയനിലങ്ങളെ ഒരുക്കണമെന്ന വലിയ സന്ദേശമാണ് ഈ ഉപമ നൽകുന്നത്.

പ്രിയമുള്ളവരേ, ദിവസേന എത്ര തിരുവചനങ്ങളാണ് നാം വായിക്കുകയും ശ്രവിക്കുകയുംചെയ്യുന്നത്. നമ്മുടെ ജീവിതത്തെ പരിപൂർണ്ണമായി മാറ്റിമറിക്കാൻ ശക്തിയുള്ള ഇരുതലവാളിനേക്കാൾ മൂർച്ചയുള്ള വചനത്തിന് നമ്മിൽ പരിവർത്തനമുണ്ടാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ഇന്നത്തെ വചനത്തിന്റെ വെളിച്ച ത്തിൽ നാം ചിന്തിക്കണം.

ആഫ്രിക്കയിലെ ഹിപ്പോ നഗരത്തിലാണ് **അഗസ്തീനോസ്** ജീവിച്ചിരുന്നത്. ജീവിതം ആസ്വദിക്കാനുള്ളതാണ് എന്ന് ചിന്തിക്കുന്നവരുടെ പ്രതിനിധിയായിരുന്നു അദ്ദേഹം. ശരീരം സുഖാസ്വാദനത്തിനു വേണ്ടിയുള്ള വാതാ യനമായിക്കണ്ട അഗസ്തീനോസ് 16-ാം വയസ്സിൽ ഒരു കുട്ടിയുടെ അച്ഛനായി. മാതാപിതാക്കളോ ബന്ധങ്ങളോ സമൂഹമോ ദൈവമോ ഒന്നും അദ്ദേഹത്തിന് ഒരു വിഷയമായിരുന്നില്ല. ഒരുനാൾ മിലാനിലെ കത്തീഡ്രലിൽ വി. അംബ്രോസിന്റെ പ്രസംഗം അദ്ദേഹം കേൾക്കാനിടയായി. റോമ 13, 13-14 വാക്യങ്ങളായിരുന്നു വായിച്ചു കേട്ടത്. വചനം കേട്ട അഗസ്റ്റിൻ പുതിയ മനുഷ്യനായി.. ക്രിസ്ത്യാനിയായി, വൈദികനായി, മെത്രാനായി സഭയുടെ വേദപാരംഗതനായി.

ഇതേ വചനം അനേകർ കേട്ടിട്ടുണ്ട്, ഇപ്പോഴും കേൾക്കുന്നുണ്ട്. എന്നാൽ അവരാരും അഗസ്തീനോസിനെ പ്പോലെ പുതിയ സൃഷ്ടിയാകുന്നില്ല! എന്നാൽ അൽബീനിയായൽ ജനിച്ച ആഗ്നസ് വചനം വായിച്ചപ്പോൾ പുതിയ സൃഷ്ടിയായി (മത്താ 25, 40). മഠം വിട്ട് കൽക്കത്തയുടെ തെരുവിലേയ്ക്കിറങ്ങി, സാധുജന സേവക യായി, പാവങ്ങളുടെ അമ്മയായി **മദർതെരേസ**യായി!

ഈശോ സഭാ സഹസ്ഥാപകനായ **ഫ്രാൻസീസ് സേവ്യർ** (മത്താ 16, 26) എന്ന വിശുദ്ധനുണ്ടായി

സ്നേഹമുള്ളവരേ, വചനം നമ്മിൽ പരിവർത്തനം വരുത്താത്തതിന്റെ പ്രശ്നം നമ്മുടെ നിലങ്ങളാണെന്ന അവബോധത്തിലേയ്ക്ക് നമുക്കുവരാം. വിതക്കാരനായ ദൈവത്തിനും, വചനമാകുന്ന വിത്തിനും നമ്മിൽ എന്തെങ്കിലും ചെയ്യാൻ കഴിയണമെങ്കിൽ അനുകൂലമായ സാഹചര്യം നമ്മിലുണ്ടാകണം. ഒരുക്കപ്പെട്ട നിലം ക്രിസ്തീയ ജീവിതത്തിന്റെ സൂചന കൂടിയാണ്.

നമ്മുടെ ഹൃദയം പാറപോലെ കടുത്തതോ എന്തും കയറിയിറങ്ങുന്ന പൊതുവഴിയോ ഒരു നന്മയും അവശേഷിക്കാത്ത മുൾക്കാടോ ആവരുത്. അരൂപിയിൽ ഉഴുതുമറിയ്ക്കപ്പെട്ട മണ്ണാവണം നമ്മൾ, വളക്കൂറുള്ളമണ്ണ്!

ദൈവവചനത്തിന്റെ സ്വീകർത്താക്കളെ സ്പഷ്ടമായി പരാമർശിച്ചുകൊണ്ടാണ് സുവിശേഷം അവസാനിക്കുന്നത്. ചെവിയുള്ളവൻ കേൾക്കട്ടെ.

ഉത്തരവാദിത്തപൂർണ്ണമായ വചനശ്രവണമാണ് ആവശ്യം. വിതക്കാരൻ വിശ്വസ്തനാണ്. വിത്ത് പരിശുദ്ധമാണ്. ഇനി തീരുമാനം നിലത്തിന്റേതാണ്. ഫലം പുറപ്പെടുവിക്കണോ വചനം നഷ്ടപ്പെടുത്തണോ

ചെവിയുള്ളവർ കേൾക്കണം

കേട്ടാൽ മാത്രം പോരാ ഫലമുണ്ടാകണം.

ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

- ചെറുപ്പത്തിലേ കുരുന്നു മനസ്സുകളിലേയ്ക്ക് മാതാപിതാക്കളായ നാം എന്തെങ്കിലും വിതച്ചുകൊടുത്തെങ്കിലേ വലുതാകുമ്പോൾ മക്കൾ അതിൽനിന്നും ഫലം കൊയ്യുകയുള്ളൂ

  ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ പഴഞ്ചൊല്ല്

  ചെറു പ്രായത്തിൽ നാം നല്ല കാര്യങ്ങൾ പറഞ്ഞുകൊടുത്താൽ കുട്ടികൾ നല്ലവരായി വളരും

  മോശം കാര്യങ്ങളാണ് കൊടുക്കുന്നതെങ്കിൽ കുട്ടികളും

  അതുകൊണ്ട് മാതാപിതാക്കളേ, നാളത്തെ സഭയുടെ വളർച്ചയോ തളർച്ചയോ തീരുമാനിക്കപ്പെടുന്നത്, ഒരുവിധത്തിൽ പറഞ്ഞാൽ, നിങ്ങളിലൂടെയാണ്.

  - കള്ളുകുടിക്കുന്ന പിതാക്കന്മാരും മറ്റുള്ളവരെക്കുറിച്ച് കുറ്റങ്ങളും കുറവുകളും കണ്ടെത്തുന്ന മാതാക്കളും ഒന്നു ചിന്തിച്ചുനോക്കിക്കൊള്ളുക- ഏതു തരത്തിലുള്ള വിത്താണ് ഞാൻ വിതയ്ക്കുന്നതെന്ന്.
  - തന്റെ മക്കളെക്കൊണ്ട് ദാനധർമ്മം കൊടുത്തു ശീലിപ്പിക്കുന്ന മാതാപിതാക്കന്മാരും, തന്റെ മക്കളേയും കൈ കോർത്തു പിടിച്ച് പള്ളിയിൽ പോകുന്ന മാതാപിതാക്കളും ഒക്കെ നമുക്ക് ഒരു വെല്ലുവിളിയാകണം.